**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

------------------- ----------------------------------------------

**പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 ജൂൺ 10 തിങ്കൾ**

------------------- ----------------------------------------------

# അണ്ടർവാല്യുവേഷൻ കേസുകൾ: അദാലത്ത് ജൂൺ 13ന്

ആലപ്പുഴ: കുടിശികയുള്ള അണ്ടർവാല്യുവേഷൻ കേസുകൾ (1986 മുതൽ 2017 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്തവ) തീർപ്പാക്കുന്നതിനായി ജൂൺ 13ന് രാവിലെ 11മുതൽ വൈകീട്ട് മൂന്നുവരെ ആലപ്പുഴ സബ് രജിസ്ട്രാർ ഓഫീസിൽ അദാലത്ത് നടത്തുന്നു. ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി പ്രകാരം മുദ്രവിലയുടെ 30 ശതമാനം മാത്രം ഒടുക്കി അണ്ടർവാല്യുവേഷൻ നടപടികളിൽ നിന്ന് ഒഴിവാകാം. ഭാവിയിൽ നേരിടേണ്ടി വരുന്ന റവന്യൂ റിക്കവറി നടപടികളിൽ നിന്ന് ഒഴിവാകാൻ ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് സബ് രജിസ്ട്രാർ അറിയിച്ചു.

# അഭിമുഖം 13ന്

ആലപ്പുഴ: ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിൽ പ്രമുഖ സ്വകാര്യ സ്ഥാപനങ്ങളിലേയ്ക്ക് പ്ലസ് ടൂവും അതിന് മുകളിലും യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് വിവിധ തസ്തികകളിൽ ജൂൺ 13ന് രാവിലെ 10ന് ജോലിക്ക് അഭിമുഖം നടക്കുന്നു. പ്രവർത്തി പരിചയം ഉള്ളവർക്ക് മുൻഗണന ലഭിക്കും. ഫോൺ:0477 -2230624, 0477-2230626, 9656421872

# മരങ്ങൾ പുനർലേലം ചെയ്യും

ആലപ്പുഴ: സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ആലപ്പുഴ റെയിഞ്ചിലെ തോട്ടപ്പള്ളി സ്പിൽവേയുടെ അഴിമുഖത്ത് സാമൂഹ്യവനവൽകരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ചിട്ടുള്ള കാറ്റാടിമരങ്ങളും മറ്റ് വിവിധ ഇനം മരങ്ങളും നീരൊഴുക്കിന് തടസ്സമായി നിൽക്കുന്നതിനാൽ ദുരന്തനിവാരണ നിയമ പ്രകാരം മുറിച്ച് നീക്കം ചെയ്യുന്നു. ഈ പ്രദേശത്ത് നിൽക്കുന്നതും മുറിച്ച് നീക്കം ചെയ്യുന്നതിനായി അടയാളപ്പെടുത്തിയിട്ടുള്ളതുമായ മരങ്ങൾ ജൂൺ 17 ന് പകൽ 12 ന് കൊമ്മാടിയിലുള്ള ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിൽ നിബന്ധനകൾക്ക് വിധേയമായി പുനർലേലം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0477 2246034.

# ഭക്ഷ്യസുരക്ഷ വകുപ്പിന്

## വാഹനം വാടകയ്ക്ക് വേണം

ആലപ്പുഴ: ഭക്ഷ്യസുരക്ഷ വകുപ്പ് ആലപ്പുഴ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയത്തിലേക്ക് ഭക്ഷ്യസുരക്ഷ പ്രവർത്തനങ്ങൾക്കും അനുബന്ധ നടപടികൾക്കുമായി വാഹനം ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ എടുക്കും. 2020 മാർച്ച് 31വരെയുള്ള കാലയളവിലേക്ക് മഹീന്ദ്ര ബൊലേറോ/ ടാറ്റ സുമോ/ മാരുതി എർട്ടിഗ/ സ്വിഫ്റ്റ് ഡിസെയർ, അമൈസ് ഹോണ്ട, ഷെവർലെ എൻജോയ്, ടാറ്റ ഇൻഡിഗോ പോലുള്ള വാഹനം വാടകയ്ക്ക് നൽകാൻ താത്പര്യമുള്ളവർ ജൂൺ 22 രാവിലെ 11നകം അസിസ്റ്റന്റ് ഭക്ഷ്യസരുക്ഷ കമ്മീഷണർ, ആലപ്പുഴ ബസാർ പി.ഒ, പിൻ-688 012 എന്ന വിലാസത്തിൽ ദർഘാസ് നൽകണം. വിശദവിവരത്തിന് ഫോൺ: 0477-2253123.

## വനിത കമ്മീഷൻ അദാലത്ത് ജൂൺ 19ന്

ആലപ്പുഴ: കേരള വനിത കമ്മീഷൻ അദാലത്ത് ജൂൺ 19ന് രാവിലെ 10.30ന് അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടക്കും.

## റാപ്പിഡ് റെസ്പോൺസ് ടീമിന് വാഹനം വാടകയ്ക്ക് വേണം

ആലപ്പുഴ: ഭക്ഷ്യസുരക്ഷ വകുപ്പ് ആലപ്പുഴ അസിസ്റ്റന്റ് കമ്മീഷണറുടെ അധീനതയിലുള്ള പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വാഹനം ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ എടുക്കും. 2020 മാർച്ച് 31വരെയുള്ള കാലയളവിലേക്ക് മഹീന്ദ്ര ബൊലേറോ/ ടാറ്റ സുമോ/ മാരുതി എർട്ടിഗ/ സ്വിഫ്റ്റ് ഡിസെയർ, അമൈസ് ഹോണ്ട, ഷെവർലെ എൻജോയ്, ടാറ്റ ഇൻഡിഗോ പോലുള്ള വാഹനം വാടകയ്ക്ക് നൽകാൻ താത്പര്യമുള്ളവർ ജൂൺ17 പകൽ 11 മണി വരെ അസിസ്റ്റന്റ് ഭക്ഷ്യസരുക്ഷ കമ്മീഷണർ, ആലപ്പുഴ ബസാർ പി.ഒ, പിൻ-688 012 എന്ന വിലാസത്തിൽ ദർഘാസ് നൽകാം. വിശദവിവരത്തിന് ഫോൺ: 0477-2253123.

## ദർഘാസ് ക്ഷണിച്ചു

ആലപ്പുഴ: കുട്ടനാട് താലൂക്കിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി താലൂക്കിലെ വിവിധ വില്ലേജുകളിൽ ആരംഭിക്കുന്ന ഗ്രുവൽ സെന്ററുകളിൽ ഭക്ഷണം പാചകം ചെയ്യുന്നതിന് ഗ്യാസ് അടുപ്പുകൾ, ജനറേറ്റർ, ദുരിതാശ്വാസ പ്രവർത്തനത്തിന് എസ്കവേറ്റർ എന്നിവ ലഭ്യമാക്കുന്നതിന് വാടക നിശ്ചയിക്കുന്നതിലേക്കായി ദർഘാസ് ക്ഷണിച്ചു. ദർഘാസുകൾ ജൂൺ 12 പകൽ 12ന് നൽകണം. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 3.30ന് തുറക്കും. വിശദവിവരത്തിന് ഫോൺ: 0477-2702221.

## ദർഘാസ് ക്ഷണിച്ചു

ആലപ്പുഴ: കുട്ടനാട് താലൂക്കിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും, ജലമാർഗ്ഗം

സഞ്ചരിച്ച് രക്ഷ പ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രളയക്കെടുതികളിൽപ്പെട്ടവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുന്നതിനും, ജീവനക്കാരെ വിവിധ സ്ഥലങ്ങളിൽ വിന്യസിക്കുന്നതിനുമായി ജലയാനങ്ങൾ വാടകയ്ക്കു എടുക്കുന്നതിനായി യാനങ്ങളുടെ ഉടമകളിൽ നിന്ന് ദർഘാസ് ക്ഷണിച്ചു. ദർഘാസുകൾ ജൂൺ 12 ഉച്ചയ്ക്കു 12നകം നൽകണം. വൈകീട്ട് 3.30ന് തുറക്കും. വിശദവിവരത്തിന് ഫോൺ: 0477-2702221.

## ആന്റിനർക്കോട്ടിക് അവാർഡ്: എൻട്രികൾ ക്ഷണിച്ചു

ആലപ്പുഴ:ലോകമയക്കുമരുന്ന് വിരുദ്ധദിനത്തോടനുബന്ധിച്ച് ആന്റിനർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യ നൽകുന്ന ആന്റിനർക്കോട്ടിക് അവാർഡിന് എൻട്രികൾ ക്ഷണിച്ചു. വിവിധ രംഗങ്ങളിലായി ആറു അവാർഡുകളാണുള്ളത്. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, പൊതുജനാരോഗ്യം, ജീവകാരുണ്യം, വിദ്യാഭ്യാസം, സാമൂഹിക വികസനം, സ്ത്രീശാക്തീകരണം, പൊതുസേവനം, സാംസ്കാരിക രംഗങ്ങളിൽ കുറഞ്ഞത് അഞ്ചു വർഷ പ്രവർത്തന പരിചയമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എൻട്രികൾ അയയ്ക്കാം. വ്യക്തികൾ എൻട്രിയോടൊപ്പം രണ്ടു കളർഫോട്ടോകളും അയയ്ക്കണം. ജൂൺ 17നകം പ്രോഗ്രാം കോ-ഓർഡിനേറ്റർ, എ.എസ് ബിൽഡിങ്, കഞ്ചിയൂർകോണം, കാട്ടാക്കട പി.ഒ, തിരുവനന്തപുരം- 695572 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 9446103990, 9495681949. ലഹരിവിരുദ്ധദിനമായ 26ന് തിരുവനന്തപുരത്ത് വി.ജെ.റ്റി ഹാളിൽ അവാർഡുകൾ വിതരണം ചെയ്യും.

## പകർച്ചവ്യാധി പ്രതിരോധത്തിന് 24 മണിക്കൂർ കൺട്രോൾ റൂം തുറന്നു

ആലപ്പുഴ: കാലവർഷത്തോടനുബന്ധിച്ചുള്ള ജാഗ്രത പ്രവർത്തനങ്ങളുടെ ഭാഗമായി പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആലപ്പുഴ ജില്ല മെഡിക്കൽ ആഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു. കൺട്രോൾ റൂം ഫോൺ നമ്പർ: 0477-2251650. ജില്ലയിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും ആരോഗ്യ സ്ഥിരം സമിതി അദ്ധ്യക്ഷൻമാരുടെയും യോഗം ചേർന്ന് പഞ്ചായത്ത് തല രൂപരേഖ തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിച്ചു.

ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ കുടിവെള്ള സ്രോതസ്സുകൾ ക്ലോറിനേഷൻ നടത്തുകയും തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കാൻ ഉപയോഗിക്കാവൂ എന്ന സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് എലിപ്പനി പ്രതിരോധമരുന്ന് ആഴ്ചയിലൊരിക്കൽ നൽകുകയും മലിനജലവുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നവർ, കർഷകർ തുടങ്ങിയവർ ജോലിയ്ക്ക് ശേഷം കൈകാലുകൾ സോപ്പുപയോഗിച്ച് കഴുകുകയും പനി വന്നാൽ സ്വയം ചികിത്സ നടത്താതെ ഉടനെ ഡോക്ടറുടെ സേവനം തേടേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊതുക്ജന്യ രോഗങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.

ഈഡിസേ വിട......... എന്ന പേരിൽ ഡങ്കിപ്പനിക്കെതിരെയുള്ള ഉറവിട നശീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം വെള്ളിയാഴ്ച സ്ക്കൂളുകൾ, ശനിയാഴ്ച ആഫീസുകൾ, ഞായറാഴ്ച വീടുകൾ എന്ന രീതിയിൽ ശക്തമാക്കി. മലേറിയ കേസുകൾ കണ്ടെത്തുന്നതിനുള്ള സ്ലൈഡ്, ലാൻസെറ്റ് എന്നിവ എല്ലാ സ്ഥാപനങ്ങൾക്കും നൽകുകയും പനിയുള്ളവരുടെ പ്രത്യേകിച്ച് അതിഥി തൊഴിലാളികളുടെയും മറ്റ് സംസ്ഥാനങ്ങളിൽ പോയിട്ട് വന്നവരുടെയും രക്തസാംപിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ സ്റ്റോക്ക് ചെയ്തിട്ടുണ്ട്.

ഡങ്കിപ്പനി റിപ്പോർട്ട് ചെയ്താൽ ഫോഗിംഗ്, സ്പ്രേയിംഗ് ചെയ്യുന്നതിനാവശ്യമായ കെമിക്കൽസ് ശേഖരിച്ചിട്ടുണ്ട്. ഇൻഡോർ സ്പേസ് സ്പ്രേ ചെയ്യുന്നതിനാവശ്യമായ സാമഗ്രികൾ, ഡങ്കിപ്പനി ബാധിച്ച വ്യക്തികൾക്ക് നൽകുന്നതിനാവശ്യമായ കൊതുക് വല, മൊസ്ക്വിറ്റോ റെപ്പലന്റ് ക്രീം എന്നിവ ആരോഗ്യസ്ഥാപനങ്ങളിൽ നൽകിയിട്ടുണ്ട്. വലിയ ആശുപത്രികളിലെ പനി വാർഡുകൾ കൊതുക് കടക്കാത്ത രീതിയിൽ ആക്കുകയും മറ്റ് കൊതുക് നിയന്ത്രണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.എല്ലാ സ്ഥാപനങ്ങളിലും റാപ്പിഡ് റെസ്പോൺസ് ടീം യോഗം ജൂൺ ആദ്യ ആഴ്ച ചേരുന്നതാണ്. ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ, മറ്റ് ചികിത്സ സൗകര്യങ്ങൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ആവശ്യമായ പരിശീലനവും മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

ശരിയായ ആരോഗ്യ ശീലങ്ങൾ പാലിച്ച് പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനാവശ്യമായ സന്ദേശങ്ങൾ യഥാസമയം ജനങ്ങളിൽ എത്തിക്കുന്നതിന് വിവിധ മാർഗ്ഗങ്ങൾ - ബോധവൽക്കരണ ക്ലാസ്സുകൾ, ഗ്രൂപ്പ് ചർച്ചകൾ, ലഘുലേഖ വിതരണം, പോസ്റ്ററുകൾ, ബാനറുകൾ, എഫ്.എം റേഡിയോ, പത്രവാർത്തകൾ, സമൂഹമാധ്യമം എന്നിവ വഴി സ്വീകരിച്ചിട്ടുണ്ട്. തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക.ജലസ്രോതസ്സുകൾ ക്ലോറിനേറ്റ് ചെയ്യണം. ആഹാര സാധനങ്ങൾ അടച്ചുസൂക്ഷിക്കുക. പഴങ്ങളും പച്ചക്കറികളും ശുദ്ധജലത്തിൽ കഴുകിയ ശേഷം ഉപയോഗിക്കുക. വൃത്തിയില്ലാത്ത സാഹചര്യങ്ങളിൽ പാകം ചെയ്യുന്ന ആഹാരം കഴിക്കാതിരിക്കുക. മലമൂത്രവിസർജ്ജനം കക്കൂസുകളിൽ മാത്രം നടത്തുകയും കൈകൾ വൃത്തിയായി കഴുകുകയും വേണം.ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും വായും മൂക്കും തൂവാല കൊണ്ട് മൂടുക.ജൈവ-അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുക എന്നിവ എല്ലാവരിലേക്കും എത്തിക്കുന്നുണ്ട്.

വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക.ആഴ്ചയിലൊരിക്കൽ ഡ്രൈഡേ ആചരിച്ച് കൊതുകിന്റെ ഉറവിട നശീകരണം നടത്തുക. ജലം സംഭരിച്ച് സൂക്ഷിക്കുന്ന പാത്രങ്ങളും ടാങ്കുകളുംകൊതുക് കടക്കാത്ത വിധം വലകൊണ്ടോ തുണികൊണ്ടോ മൂടുക. കക്കൂസിന്റെ വെന്റ്പൈപ്പുകൾ കൊതുകുവല കൊണ്ട് മൂടുക.കിണറുകളിലും ടാങ്കുകളിൽ മറ്റും മാനത്തുകണ്ണി, ഗപ്പി, ഗാമ്പുസിയ എന്നിവയെ നിക്ഷേപിക്കുക. മുറിവുകൾ ജലവുമായി സമ്പർക്കം വരാതെ സൂക്ഷിക്കണം. പക്ഷികളും വവ്വാലുകളും കടിച്ച പഴങ്ങൾ കഴിക്കാതിരിക്കുക. വവ്വാലുകളുടെ കാഷ്ഠവും മൂത്രവും ശരീരവുമായി സമ്പർക്കം ഉണ്ടാകാതെ സൂക്ഷിക്കുക. ഇടയ്ക്കിടയ്ക്ക് കൈകൾ സോപ്പുപയോഗിച്ച് കഴുകുക.പനിയുള്ളപ്പോൾ സ്വയം ചികിത്സിക്കരുത്. മെഡിക്കൽ ഷോപ്പുകളിൽ നിന്നും ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ മരുന്ന് വാങ്ങി കഴിക്കരുത്.പനിയുള്ളവർ കഴിവതും വീടുകളിൽ വിശ്രമിക്കേണ്ടതും പൊതുപരിപാടികളിൽ നിന്നും മാറി നിൽക്കേണ്ടതുമാണെന്ന് ജില്ല മെഡിക്കൽ ഓഫീസ് അറിയിച്ചു. വിശദവിവരങ്ങൾക്കും സംശയ നിവാരണത്തിനുമായി ദിശ-1056 ബന്ധപ്പെടാവുന്നതാണ്.